# اتّحاد الأولاد السنيّين لعموم كيرالا

# SAMASTHA KERALA SUNNI BALAVEDI

(Under:SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL)

സമസ്താലയം, ചേളാരി, പി.ഒ തേഞ്ഞിപ്പലം, പിൻ- 673 636, മലപ്പുറം, ഫോൺ : 8714608987

website : www.sksbvstate.com, Email: sksbvstate@gmail.com


SKSBV Circular No 1/2025-2026

***ജില്ലാ, റെയ്ഞ്ച്, മദ്റസാ യൂണിറ്റ് സുന്നി ബാലവേദി, ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്***

**മാന്യരേ,** السلام عليكم

**ക്ഷേമമെന്ന് കരുതുന്നു.അതിനായി പ്രാർത്ഥിക്കുന്നു.നമ്മുടെ സൽകർമ്മങ്ങൾ നാഥൻ സ്വീകരിക്കട്ടെ–ആമീൻ**

പുതിയ ഒരു അധ്യായന വർഷം കൂടി നമ്മിലേക്ക് കടന്നുവന്നിരിക്കുന്നു. ചടുലവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിലൂടെ കർമ്മ രംഗത്ത് മുന്നേറണമെന്ന് ഓരോരുത്തരെയും സവിനയം ഓർമ്മിപ്പിക്കുന്നു. മാതൃകാപരവും അനുകരണീയവുമായ ഒട്ടേറെ പദ്ധതികളുമായാണ് കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ സംഘടന നിറഞ്ഞുനിന്നത്. പുതിയ അധ്യായന വർഷം ആരംഭത്തിൽ തന്നെ പുതിയ കൂട്ടുകാരെ സ്വീകരിക്കാൻ ഒരുങ്ങുന്ന നമ്മൾ കൂടുതൽ ഉത്സാഹത്തോടെയും അതോടൊപ്പം ജാഗ്രതയോടെയും വേണം മുന്നോട്ട് പോവാൻ. അതിനാൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**<u>മദ്റസാ മുന്നൊരുക്കം "25"</u>**

**മദ്റസ തുറക്കുന്നതിന്റെ മുന്നോടിയായി യൂണിറ്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ മദ്റസയും പരിസരങ്ങളും ശുചീകരണം നടത്തുക.**

**<u>മിഹ്റജാനുൽ ബിദായ 'സ്നേഹ വിരുന്ന്'(പഠനാരംഭം)</u>**

സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ മദ്റസാ വർഷാരംഭത്തോടനുബന്ധിച്ച് "**നേരറിവ് നല്ല നാളേക്ക്**" എന്ന പ്രമേയത്തിൽ നടത്തുന്ന "**മിഹ്റജാനുൽ ബിദായ**" (മദ്റസാ പഠനാരംഭ ദിനം)യുടെ ഭാഗമായി മദ്റസയിലേക്ക് കടന്നു വരുന്ന പുതിയ കൂട്ടുകാരെ പ്രൗഢമായും നിറപ്പകിട്ടോടെയുമാവണം നാം സ്വീകരിക്കേണ്ടത്. കൊടി, തോരണങ്ങൾ, ബലൂൺ മുതലായവ കൊണ്ട് അലങ്കരിച്ചും മധുരപലഹാരങ്ങൾ നൽകിയും അവരുടെ ആദ്യദിനം അവിസ്മരണീയമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. **മുഖ പരിചയം** (പരസ്പരം പരിചയപ്പെടൽ) **അക്ഷരമുറ്റം** (ഇസ്ലാമികമായ പാട്ടുകളും കഥകളും പറയൽ) നവാഗതർക്ക് ഒരു സ്നേഹ സമ്മാനം,പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ പാഠ പുസ്തക –ബാഗ് എന്നിവ നൽകുക, തുടങ്ങിയ പരിപാടികൾ ഉസ്താദുമാരുമായി സഹകരിച്ച് നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കേണ്ടതാണ്.

---

സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഇ–മെയിൽ: sksbvstate@gmail.com

**എന്ന്**

**ഹർഷാദ് കുറ്റിക്കടവ് (ഒപ്പ്)**

**ജനറൽ സെക്രട്ടറി**

**SKSBV സംസ്ഥാന കമ്മിറ്റി**

**സമസ്താലയം**

**20/03/2025**

SAMASTHALAYAM CHELARI P.O THENHIPPALAM PIN :673 636 SKSBV